# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 17.01.2024 മുതൽ 21.01.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| **എ എ എസ് ബുള്ളറ്റിൻ നമ്പർ 03/2024, (05) ചൊവ്വാഴ്ച** | **തീയ്യതി 16/01/2024** |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 ജനുവരി 10 മുതൽ 2024 ജനുവരി 16 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2024 ജനുവരി 17 മുതൽ ജനുവരി 21 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| **10/01** | **11/01** | **12/01** | **13/01** | **14/01** | **15/01** | **16/01** | **തീയ്യതി** | | **17/01** | **18/01** | **19/01** | **20/01** | **21/01** |
| 2.3 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | | 0.1 | 0.1 | 0 | 0 | 0 |
| 30.5 | 31.7 | 32.4 | 31.8 | 32.4 | 33.7 | 33.3 | ഉയർന്ന താപനില (°C) | | 33 | 33 | 33 | 33 | 33 |
| 25.6 | 25.1 | 25.2 | 22.4 | 23.5 | 23.1 | 23.3 | കുറഞ്ഞ താപനില (°C) | | 23 | 23 | 23 | 25 | 25 |
| Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | AM | Cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy |
| Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | | PM | | | | | | |
| 67 | 66 | 64 | 72 | 72 | 65 | 77 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 65 | 65 | 63 | 63 | 63 |
| 50 | 48 | 44 | 48 | 41 | 43 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 46 | 46 | 43 | 43 | 43 |
| 12.0 | 12.1 | 11.1 | 9.1 | 6.1 | 5.2 | 4.9 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 2 | 2 | 2 | 2 | 2 |
| NNE | NNE | N | ENE | E | ENE | ENE | AM | SW | WSW | SSW | SW | W | W |
| SE | ESE | N | NE | NE | NNE | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2024 മുതൽ ഇന്നവരെയുള്ള മഴ (മില്ലീമീറ്റർ) | 01/01/24 മുതൽ ഇന്നവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| **2.3** | **124.1** | **124.1** |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (Thrissur District)

**പൊതുനിർദേശങ്ങൾ:** കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിലെ ഈർപ്പം സംരക്ഷിക്കാൻ പുതയിടൽ രീതി അവലംബിക്കുക.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) മൂപ്പെത്തിയ പരുവം | ബാക്ടീരിയൽ ഇലകരിച്ചിൽ | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്. ആക്രമണം രൂക്ഷമാണെങ്കിൽ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 30 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. |
| മുളക് | വെള്ളീച്ച | വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ മുളകിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയതക്കവിധം പത്ത് ദിവസത്തെ ഇടവേളകളിലായി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 4 ഗ്രാം തയോമെതോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| കമുക് | സ്പിൻഡിൽ ചാഴി | കമുകിൽ സ്പിൻഡിൽ ചാഴിയെ കാണാൻ സാധ്യതയുണ്ട്. ഇവ കവുങ്ങിന്റെ കൂമ്പിലയിൽ നിന്നും നീരൂറ്റികുടിച്ച് ചെടിക്ക നാശമുണ്ടാക്കുന്നു. ഇതിന്റെ ഫലമായി ഇല ഉണങ്ങി കൊഴിഞ്ഞു പോകുന്നു. ഇവയെ നിയന്ത്രിക്കാനായി 1.5 മില്ലി ഡൈമെതോയേറ്റ് (30 EC) ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം:-. തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്ത് 9 മണിക്ക് മുൻപോ വൈകിട്ട് 4 മണിക്ക് ശേഷമോ മാത്രം മേയാൻ അനുവദിക്കാവൂ .അതിൽ തന്നെ വൈകിട്ട് മേയാൻ വിടുന്നതാണ് കൂടുതൽ നല്ലത്.(CAADECCS KVASU, Mannuthy)